**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 663** **13.06.2012-ൽ മറുപടിക്ക്**

**<u>പകർച്ചവ്യാധികൾ തടയാൻ നടപടി</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) ചിക്കൻഗുനിയ, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം മുതലായ പകർച്ചവ്യാധികൾ സംസ്ഥാനത്ത് പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഡെങ്കിപ്പനി ചില ജില്ലകളിൽ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ചിക്കൻഗുനിയയും ജപ്പാൻജ്വരവും സംസ്ഥാനത്ത് പടരുന്നില്ല. |
| ബി) ഇത് തടയുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | ബി) കൊതുകുജന്യരോഗങ്ങളായ ചിക്കൻഗുനിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം എന്നിവ ഉൾപ്പെടെയുള്ള പകർച്ച വ്യാധികൾ പടരുന്നത് തടയുന്നതിനായി 'സമഗ്ര' ആരോഗ്യ പദ്ധതിയുടെ ഒന്നാംഘട്ടപ്രവർത്തനത്തിൽ ഉൾപ്പെടുത്തി കൊതുക്-കൂത്താടി നശീകരണം, മാലിന്യ നിർമ്മാർജ്ജനം, അവലോകന യോഗങ്ങൾ, ആരോഗ്യബോധവത്കരണം എന്നീ പ്രവർത്തനങ്ങൾ ജനുവരി 15 മുതൽ മാർച്ച് 15 വരെയുള്ള കാലഘട്ടത്തിൽ വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കി. തുടർപ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാരെയും, പാരാമെഡിക്കൽ സ്റ്റാഫിനെയും വിന്യസിച്ചും, ഫീൽഡ് വിഭാഗം ജീവനക്കാർ മുഖാന്തിരം വീടുകളിൽ സർവേയും ബോധവൽകരണ |

പരിപാടികളും നടത്തി കൊതുക് ഉറവിട നശീകരണം തുടങ്ങി രോഗ പകർച്ച തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പൊതുജനാരോഗ്യ ടീം രോഗ നിരീക്ഷണം, പ്രതിരോധം, നിയന്ത്രണം തുടങ്ങിയവ കൃത്യമായി അവലോകനം ചെയ്യുന്നു.

സി) കൂടുതൽ ആരോഗ്യകേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

സി) പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ എല്ലാ ആശുപത്രികളിലും ഡോക്ടർമാർ, നഴ്സുമാർ, ഫീൽഡ് തല ഉദ്യോഗസ്ഥർ തുടങ്ങിയവരെ ആവശ്യാനുസരണം വിന്യസിച്ചും രോഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ, ഒ.ആർ.എസ്., ഐ.വി.ഫ്ളൂയിഡുകൾ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കിയും മെച്ചപ്പെട്ട ചികിത്സാ സംവിധാനമാണ് സംസ്ഥാനത്തൊട്ടാകെ ഒരുക്കിയിട്ടുള്ളത്. കൂടാതെ, കൊതുകുജന്യ രോഗപ്പകർച്ച തടയുന്നതിനായി ആവശ്യത്തിന് കൊതുകുവലയും ലഭ്യമാക്കിയിട്ടുണ്ട്. പനിചികിത്സയ്ക്ക് ആവശ്യമായ ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ